**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 14** **22-02-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനങ്ങൾ ജനോപകാരപ്രദവും സുതാര്യവും ആക്കുന്നതിന് ജില്ലാ തലങ്ങളിൽ സർപ്രൈസ് ഇൻസ്പെക്ഷൻ ടീമിനെ നിയോഗിക്കാൻ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് എല്ലാ സർക്കാർ ഓഫീസുകളുടെയും പ്രവർത്തനങ്ങൾ സുതാര്യവും ജനോപകാരപ്രദവുമാക്കുന്നതിന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (എ വി സി) വകുപ്പും ധനകാര്യ പരിശോധനാ വിഭാഗവും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയും വിവിധ വകുപ്പുകളുടെ വിജിലൻസ് പരിശോധനാ വിഭാഗവും ആകസ്മിക പരിശോധനകൾ നടത്തി വരുന്നുണ്ട്. വിവിധ ജില്ലകളിൽ നടത്തി വന്നിരുന്ന ഈ ആകസ്മിക പരിശോധനകളിലൂടെ, ഭരണപരമായ വീഴ്ചകൾ പരിശോധിക്കപ്പെടും എന്ന അവബോധം ജീവനക്കാരിൽ ഉണ്ടാകുകയും, സംസ്ഥാനത്തൊട്ടാകെ വിവിധ ഓഫീസുകളുടെ പ്രവർത്തനത്തിലും ഉദ്യോഗസ്ഥരുടെ മനോഭാവത്തിലും വലിയ മാറ്റങ്ങളുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതികൾ പരിഹരിക്കുവാൻ ഇത്തരം ടീമിനെ നിയോഗിക്കുന്നതോടൊപ്പം ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുവാനും നടപടികൾ ഉണ്ടാകുമോ? | (ബി) | പരിശോധനാ വേളകളിൽ ജീവനക്കാരുടെ പ്രശ്നങ്ങൾ നേരിൽ കേട്ട് വകുപ്പ് മേധാവികളുടെ ശ്രദ്ധയിൽപെടുത്താറുണ്ട്. ലഭിക്കുന്ന പരാതികളിൽ നേരിട്ട് പരിശോധന നടത്തുമ്പോൾ ഓഫീസുകളിൽ കണ്ടെത്തുന്ന ഗുരുതരമായ വീഴ്ചകൾ പരിഹരിക്കുന്നതിനും, ഉദ്യോഗസ്ഥരുടെ മേൽ അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുണ്ടെങ്കിൽ അക്കാര്യം അതതു വകുപ്പ് സെക്രട്ടറിമാരുടെ ശ്രദ്ധയിൽപ്പെടുത്താറുമുണ്ട്. |

സെക്ഷൻ ഓഫീസർ